പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1959 — 25.03.2013 - ൽ മറുപടിയ്ക്ക്

## കോഴിക്കോട് മാങ്കാവ് ബൈപ്പാസ് റോഡിൽ ബൈക്ക് യാത്രികർ മരണമടഞ്ഞ സംഭവം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. ബേബി<br>ഡോ.ടി.എം തോമസ് ഐസക്<br>ശ്രീ. എളമരം കരീം<br>,, എസ്. രാജേന്ദ്രൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് മാങ്കാവ് ബൈപ്പാസ് റോഡിൽ തിരുവണ്ണൂർ ജംഗ്ഷനിൽ പന്നിയങ്കര പോലീസ് എസ്.ഐ. യുടെ നേതൃത്വത്തിൽ 2013 മാർച്ച് 9 ന് രാത്രി വാഹനപരിശോധന നടത്തിയിരുന്നോ; | (എ) വാഹനപരിശോധന നടത്തിയിരുന്നു |
| (ബി) എങ്കിൽ, പരിശോധനയ്ക്കിടയിൽ ഹെൽമറ്റ് ധരിക്കാതെ ബൈക്കോടിച്ച് വന്ന മഹേഷ്, രാജേഷ് എന്നിവരെ തടഞ്ഞ് നിർത്താൻ ശ്രമം നടക്കുകയുണ്ടായോ; | (ബി) മഹേഷ്, രാജേഷ് എന്നിവരെ തടഞ്ഞ് നിർത്തുവാൻ ശ്രമിച്ചിട്ടില്ല. |
| (സി) ബൈക്ക് യാത്രികരിൽ, പിറകിൽ ഇരിക്കുകയായിരുന്ന യാത്രക്കാരന്റെ ഷർട്ടിൽ എസ്.ഐ. കയറിപ്പിടിച്ച് വലിച്ചതിനെതുടർന്ന് ബൈക്ക് യാത്രക്കാർ ഓടിക്കൊണ്ടിരുന്ന ബസ്സിന്റെ അടിയിൽപ്പെട്ട് മരണപ്പെട്ടതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യാത്രക്കാരുടെ ഷർട്ടിൽ പിടിച്ചു വലിച്ചതായ സംഭവം ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഈ സംഭവത്തിൽ കുറ്റക്കാരനായ എസ്.ഐ.യുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു ? | (ഡി) | ടി സ്ഥലത്ത് രണ്ട് പേർ മരിക്കാനിടയായത് സംബന്ധിച്ച് എസ്.ഐ കുറ്റക്കാരനാണ് എന്ന് വെളിവായിട്ടില്ല. എന്നിരുന്നാലും ടി എസ്.ഐ. യെ കൺട്രോൾ റൂമിലേക്ക് സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ